# Fourth India-Japan Cyber Dialogue

June 30, 2022

---

# നാലാമത് ഇന്ത്യ-ജപ്പാൻ സൈബർ ഡയലോഗ്

ജൂൺ 30, 2022

1.നാലാമത്തെ ഇന്ത്യ-ജപ്പാൻ സൈബർ ഡയലോഗ് 2022 ജൂൺ 30-ന് ഇന്ത്യ ആതിഥേയത്വം വഹിച്ചു. ഇന്ത്യൻ പ്രതിനിധി സംഘത്തെ നയിച്ചത് വിദേശകാര്യ മന്ത്രാലയത്തിലെ (MEA) സൈബർ നയതന്ത്ര വിഭാഗം ജോയിന്റ് സെക്രട്ടറി മുവാൻപൊലി സായവിയും ജാപ്പനീസ് പ്രതിനിധി സംഘത്തെ നയിച്ചത് വിദേശകാര്യ മന്ത്രാലയത്തിന്റെ (MOFA) സൈബർ പോളിസി ചുമതലയുള്ള അംബാസഡർ യുതാക അരിമയുമാണ്.

2. ഇന്ത്യൻ പ്രതിനിധി സംഘത്തിൽ വിദേശകാര്യമന്ത്രാലയം(MEA), ആഭ്യന്തര മന്ത്രാലയം (MHA), പ്രതിരോധ മന്ത്രാലയം (MoD), നാഷണൽ സെക്യൂരിറ്റി കൗൺസിൽ സെക്രട്ടേറിയറ്റ് (NSCS), ഇലക്ട്രോണിക്സ് ആൻഡ് ഇൻഫർമേഷൻ ടെക്നോളജി മന്ത്രാലയം (MEITY), ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പ് (DoT),ഇന്ത്യൻ കമ്പ്യൂട്ടർ എമർജൻസി റെസ്പോൺസ് ടീം (CERT-In), നാഷണൽ ക്രിട്ടിക്കൽ ഇൻഫർമേഷൻ ഇൻഫ്രാസ്ട്രക്ചർ പ്രൊട്ടക്ഷൻ സെന്റർ (NCIIPC) എന്നിവിടങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുത്തു,നാഷണൽ സെന്റർ ഓഫ് ഇൻസിഡന്റ് റെഡിനെസ് ആൻഡ് സ്ട്രാറ്റജി ഫോർ സൈബർ സെക്യൂരിറ്റി, മിനിസ്ട്രി ഓഫ് ഇന്റേണൽ അഫയേഴ്സ് ആൻഡ് കമ്മ്യൂണിക്കേഷൻ (എംഐസി), പ്രതിരോധ മന്ത്രാലയം, സാമ്പത്തിക, വ്യാപാര വ്യവസായ മന്ത്രാലയം (METI), വിദേശകാര്യമന്ത്രാലയം (MOFA ) എന്നിവിടങ്ങളിൽ നിന്നുള്ള മുതിർന്ന ഉദ്യോഗസ്ഥരാണ് ജാപ്പനീസ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്.

3. ഇരുപക്ഷവും ഉഭയകക്ഷി സൈബർ സഹകരണത്തിന്റെ സുപ്രധാന മേഖലകൾ ചർച്ച ചെയ്യുകയും സൈബർ സുരക്ഷ, 5G ടെക്നോളജി ഉൾപ്പെടെയുള്ള ഇൻഫർമേഷൻ ആന്റ് കമ്മ്യൂണിക്കേഷൻ ടെക്നോളജീസ് (ICT) എന്നീ മേഖലകളിൽ കൈവരിച്ച പുരോഗതി അവലോകനം ചെയ്യുകയും ചെയ്തു.ഐക്യരാഷ്ട്രസഭയിലെയും മറ്റ് ബഹുമുഖ, പ്രാദേശിക വേദികളിലെയും സൈബർ കൂടിയാലോചനകളിൽ സൈബർ ഡൊമെയ്നിലെയും പരസ്പര

സഹകരണത്തിലെയും ഏറ്റവും പുതിയ സംഭവവികാസങ്ങളെക്കുറിച്ച് ഇരുപക്ഷവും കാഴ്ചപ്പാടുകൾ കൈമാറി.

4. പരസ്പര സൗകര്യമനുസരിച്ച് 2023-ൽ അടുത്ത ഇന്ത്യ-ജപ്പാൻ സൈബർ ഡയലോഗ് നടത്താൻ ഇരുപക്ഷവും സമ്മതിച്ചു.

**ന്യൂ ഡെൽഹി**

**ജൂൺ 30, 2022**

DISCLAIMER: This is an approximate translation. The original is available in English on MEA's website and may be referred to as the official press release.